**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1859** **19-01-2021 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ.രാജേഷ് | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണത്തിന് ട്രാൻസ്പോർട്ട് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ വിനിയോഗിച്ച് മാവേലിക്കര ഡിപ്പോയിൽ ബസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. 01/6/2016ൽ ബിൽഡിംഗ് പെർമിറ്റിന് ആവശ്യമായ രേഖകൾ എല്ലാം ഉൾപ്പെടുത്തി ബിൽഡിംഗ് പെർമിറ്റിനായി അപേക്ഷ മുൻസിപ്പാലിറ്റിയിൽ സമർപ്പിക്കുകയുണ്ടായി. നിർമ്മാണ പ്രവൃത്തികൾ ഉടൻ തുടങ്ങുവാനും ബിൽഡിംഗ് പെർമിറ്റ് ഉടൻ തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം എന്നും സ്ഥലം എം.എൽ.എ ചർച്ചയിൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 21/06/2016ൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. പ്രവൃത്തി നടന്നു വരവെ മുൻസിപ്പാലിറ്റിയിൽ നിന്നും സ്റ്റോപ്പ് മെമ്മോ ലഭിച്ചതിനെ തുടർന്ന് 01/07/2016 മുതൽ നിർമ്മാണ പ്രവർത്തനം നിർത്തി വെയ്ക്കേണ്ട സാഹചര്യം ഉണ്ടായി. പിന്നീട് പല തവണ പെർമിറ്റ് അനുവദിച്ച് നല്കണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.ആർ. ടി.സി കത്ത് സമർപ്പിക്കുകയും ബഹു. മനുഷ്യാ- വകാശ കമ്മിഷന്റെ ഉത്തരവ് അനുസരിച്ച് ബഹു. ജില്ലാ കളക്ടർ ഈ പ്രശ്നത്തിൽ ഇടപെടലുകൾ നടത്തുകയും ചെയ്തെങ്കിലും മുൻസിപ്പാലിറ്റി നാളിതു വരെ പെർമിറ്റ് അനുവദിച്ച് നൽകിയിട്ടില്ല. തുടർന്ന് കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് അവിടെ ചെയ്ത പ്രവൃത്തികളുടെ കരാർ തുക നൽകി കരാറുകാരനെ ടി പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി ഉത്തരവാകുകയുണ്ടായി. മുൻസിപ്പാലിറ്റിയിൽ നിന്ന് നിർമ്മാണാനുമതി |

| | | | |
|---|---|---|---|
| | | | ലഭിച്ചാൽ തന്നെ ഡിപ്പോ കെട്ടിടത്തിന്റെ ബാക്കി ചെയ്യേണ്ട പ്രവൃത്തികൾക്ക് വേണ്ടി പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി വാങ്ങി ടെണ്ടർ ക്ഷണിക്കേണ്ടതായിട്ടുണ്ട്. ടി വിവരങ്ങൾ എം.എൽ.എ.യെ നം: AB1/036385/15 തീയതി: 16/10/2020 പ്രകാരം അറിയിച്ചിട്ടുണ്ട്. കൂടാതെ, പൊതുമരാമത്ത് (കെട്ടിട നിർമ്മാണം) വകുപ്പ് മുഖേന പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിച്ച ശേഷം പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും KSRTC യെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ